# നനഞ്ഞാടുന്ന ടൂറിസം

എറണാകുളം ബ്യൂറോ

എറണാകുളം: കതിരക്കുർ ദ്വീപിൽ മെയ് പത്തിന് രാത്രി വൻ ടെന്റും ചെറിയ കോട്ടേജുകളുമുയർന്നപ്പോൾ സ്ഥലവാസികളായ മത്സ്യത്തൊഴിലാളികൾക്ക് ഒന്നും മനസ്സിലായില്ല. രാത്രിയായതോടെ തോണികളിലും ചെറുബോട്ടുകളിലുമായി ആളുകൾ അവിടെ വന്നു തുടങ്ങി. ടെന്റുകൾ സജീവമായി. മദ്യക്കുപ്പികൾ പലതും തുറന്നു. സ്ത്രീകളും പുരുഷന്മാരും അൽപ്പവസ്ത്രധാരികളായി മദ്യം (മയക്കുമരുന്നുമുണ്ടെന്നു പറയുന്നു) നുണഞ്ഞ ലഹരിയിൽ സംഗീതത്തിന്റെ വന്യതാളത്തിൽ ചുവടുവെക്കുന്നു. നഗരത്തിലെ പല മാന്യന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു.പെട്ടെന്ന് ടെന്റിനുമുകളിലെ ഷവറിൽ നിന്നും ശക്തിയായി വെള്ളം ചീറ്റി കൃത്രിമ മഴ സൃഷ്ടിക്കുന്നു. മഴയിൽ കുളിച്ച് നൃത്തം ആസ്വാദ്യകരമായി തുടരുന്നു. ഇടക്ക് ലൈറ്റുകൾ ഓഫാക്കുന്നു - വീണ്ടും തുടരുന്നു.

ഇതിനിടയിലാണ് അപ്പശകുനങ്ങളായി കുറച്ചു ജനകീയ പ്രവർത്തകർ ദൃശ്യമാധ്യമങ്ങളുമായി അവിടെ ഒളിച്ചിരുന്ന് ഇതു പകർത്തിയത്. കാവലിനായി നിന്ന പോലീസുകാർ മാധ്യമപ്രവർത്തകർക്കെതിരെ തട്ടിക്കയറാൻ തുടങ്ങിയെങ്കിലും, പിന്നീട് അപകടം മണത്ത് കാലിൽ വീഴാൻ തുടങ്ങി. പിന്നെ പത്രത്തിലും ടിവിയിലുമായി - ചർച്ചയായി.

പക്ഷെ ചർച്ച വന്നത് ശരിയായ ദിശയിലായിരുന്നില്ല. ഈ നൃത്തം നടത്തിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഒരു മതസ്ഥാപനത്തിനാണെന്നും അതുകാണാൻ ഒരു പുരോഹിതനും ഉണ്ടായിരുന്നുവെന്നതും മറ്റും ചർച്ചക്കു വന്നപ്പോൾ വർഗ്ഗീയതയിലേക്കുവരെ തിരിയാനുള്ള സാധ്യതയായി. 'കപ്പിള്'

(ശേഷം 5ാം പേജിൽ)

# നനഞ്ഞാടുന്ന ടൂറിസം

1ാം പേജ് തുടർച്ച

കൾക്കുമാത്രമേ പ്രവേശന മുള്ളൂ എന്നെഴുതി വച്ചിട്ടുള്ള പന്തലിൽ കത്തോലിക്കാ പുരോഹിതൻ ആരെ കൂട്ടിയാണ് പോയതെന്നറിയാൻ ചിലർ ആകാംക്ഷ പ്രകടിപ്പിച്ചതും സ്വാഭാവികം.

ഇതൊന്നും വലിയ പ്രശ്നമല്ല, ഭീകരാക്രമണം മൂലം തകർന്ന ഹോട്ടൽ വ്യവസായത്തെ രക്ഷപ്പെടുത്താനൊരു വഴിയെന്ന നിലയിലാണ് ഇത് അനുവദിച്ചത് സംഭവമറിഞ്ഞ തദ്ദേശവാസിയായ ടൂറിസം മന്ത്രിയുടെ പ്രതികരണം. മലയാള സിനിമാ വ്യവസായം തകർന്നപ്പോൾ രക്ഷകയായെത്തിയത് ഷക്കീലയാണെന്ന അനുഭവം നമ്മുടെ മുന്നിലുണ്ടല്ലോ. നിലനിൽക്കുന്ന നിയമങ്ങൾ (നഗ്നതാ പ്രദർശനം മുതലായവ) ലംഘിക്കുന്ന ഈ പരിപാടിക്ക് പോലീസ് കാവൽ നിന്നതെന്തിന് എന്ന പ്രശ്നം വേറെ! ഇന്നുവരെ 'സദാചാരവും മതവും ആത്മീയതയും' അട്ടിപ്പേറായി വച്ചിട്ടുള്ള നമ്മുടെ സാമുദായിക നേതൃത്വങ്ങളോ രാഷ്ട്രീയ നേതൃത്വങ്ങളോ ഇതിനെതിരായി ഒരക്ഷരം പറഞ്ഞിട്ടില്ലയെന്നതാണ് വസ്തുത.

അതെങ്ങനെ! അഞ്ചു വർഷത്തിനകം അമ്പതിനായിരം കോടിയുടെ വിദേശനിക്ഷേപം വരുന്നതിൽ വലിയൊരു പങ്ക് ടൂറിസത്തിലാണ്. അതിനെ തള്ളിപ്പറഞ്ഞാൽ നമ്മുടെ വികസനം മുരടിക്കില്ലേ? എന്തായാലും കേരളത്തിലെ ടൂറിസം വികസനത്തിന്റെ സ്വരൂപം കാണാൻ നമുക്കായി. ഇനി പ്രശ്നമില്ലല്ലോ.